

“സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടി ഇരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും” (യോഹ 12:24).

## ഏപ്രിൽ 2014: വിചിന്തനം:

ഫലം പുറപ്പെടുവിക്കുന്ന ഒരു ജീവിതത്തിന്റെ സത്തയെന്തെന്ന് വ്യക്തമാക്കാൻ യേശു പ്രകൃതിനിയമത്തിൽ നിന്ന് ഒരുദാഹരണം ഉപയോഗിക്കുന്നു. സ്വന്തം ജീവനെക്കുറിച്ചാണ്, താൻ എപ്രകാരമാണ് ലോകത്തിന് ജീവൻ പകരുന്നത് എന്നതിനെക്കുറിച്ചാണ് അവിടുന്ന് സൂചിപ്പിച്ചത്. മറ്റുവാക്കുകളിൽ, പിതാവ് തന്നെ ഭരമേല്പിച്ച ദൗത്യം എങ്ങിനെ അവിടുന്ന് നിർവഹിക്കുമെന്നതായിരുന്നു വിഷയം. ഭൂമിയിൽ യേശുവിന്റെ ജീവിതലക്ഷ്യം ഇതായിരുന്നു: “അവർക്കു ജീവനുണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകാനുമാണ്” (യോഹ 10:10). മറ്റൊരിടത്ത് ലോകത്തിലേക്കുള്ള അവിടുത്തെ ആഗമനോദ്ദേശ്യം സുവ്യക്തമാക്കുന്നു: “എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു” (യോഹ 3:16).

ജീവൻ ഉളവാക്കുന്നതിന് മരിക്കുകയെന്ന പ്രക്രിയ അനിവാര്യമാണ്. ശിഷ്യരോടൊപ്പം തന്റെ അന്ത്യഅത്താഴം കഴിച്ചപ്പോൾ ഇത് യേശുവിന്റെ മനസിൽ വളരെ വ്യക്തമായി ഉണ്ടായിരുന്നിരിക്കണം. “അവർ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ യേശു അപ്പമെടുത്ത് ആശീർവദിച്ചു മുറിച്ച് ശിഷ്യൻമാർക്കു കൊടുത്തുകൊണ്ട് അരുളിചെയ്തു: വാങ്ങി ഭക്ഷിക്കുവിൻ; ഇത് എന്റെ ശരീരമാണ്. അനന്തരം പാനപാത്രമെടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത് അവർക്കുകൊടുത്തുകൊണ്ടു പറഞ്ഞു: നിങ്ങളെല്ലാവരും ഇതിൽനിന്നു പാനം ചെയ്യുവിൻ. ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്” (മത്താ 26:26–28). യേശു നിലത്തുവീണ് അഴിയുന്ന ഗോതമ്പുമണിയായി മാറുന്നു; അതാണ് അവിടുത്തെ മനുഷ്യാവതാരം മരണവും. തത്ഫലമായി പുതുജീവനിലൂടെ വളരെ ഫലം പുറപ്പെടുവിക്കുന്നു, അവിടുത്തെ പുതുജീവനിലൂടെ; അതാണ് പുനരുത്ഥാനം. വിശുദ്ധ പൗലോസിന്റെ വാക്കുകളിൽ, “നശ്വരതയിൽ വിതയ്ക്കപ്പെടുന്നു; അനശ്വരതയിൽ ഉയിർപ്പിക്കപ്പെടുന്നു” (1കോറി 15:42–43).

ജ്ഞാനസ്നാനത്തിൽ നാം സ്വീകരിച്ച ക്രിസ്തുവിന്റെ ഈ ജീവൻ മറ്റുള്ളവരുമായി പങ്കുവയ്ക്കുകയെന്നതാണു ക്രിസ്തീയ ജീവിതത്തിന്റെ ഏകലക്ഷ്യം. നമ്മുടെ ഗുരു നമുക്കു കാട്ടിത്തന്ന ഈ വഴിയല്ലാതെ മറ്റൊരു വഴിയില്ല. അതിനാൽ, ക്രിസ്തീയ ജീവിതത്തിന്റെ തുടക്കം (ജ്ഞാനസ്നാനം) പാപപൂർണനായ മർത്യനിൽ മരിക്കുകയും പുതുജീവനിലേക്ക് ഉയിർക്കുകയുമാണ്. “അങ്ങനെ, അവന്റെ മരണത്തോടു നമ്മെ ഐക്യപ്പെടുത്തിയ ജ്ഞാനസ്നാനത്താൽ നാം അവനോടൊത്തു സംസ്കരിക്കപ്പെട്ടു. ക്രിസ്തു മരിച്ചതിനുശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റതു പോലെ, നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്തു സംസ്കരിക്കപ്പെട്ടത്” (റോമ 6:4). അങ്ങനെ തന്റെ യഥാർഥ ശിഷ്യൻ / അനുയായി ആയിരിക്കുന്നതിന് നൽകേണ്ടുന്ന വിലയെക്കുറിച്ച്, തങ്ങൾ ആശ്ലേഷിക്കേണ്ട മരണത്തെക്കുറിച്ച് ക്രിസ്തു ശിഷ്യരെ/അനുയായികളെ നിരന്തരം ഓർമപ്പെടുത്തി: “ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ” (മർക്കോ. 8:34). യേശു തന്റെ ശിഷ്യർക്ക് ഇപ്രകാരം മുന്നറിയിപ്പ് നല്കി: “സ്വന്തം ജീവൻ രക്ഷിക്കാൻ ആഗ്രഹിക്കുന്നവൻ അതു നഷ്ടപ്പെടുത്തും; ആരെങ്കിലും എനിക്കുവേണ്ടിയോ സുവിശേഷത്തിനുവേണ്ടിയോ സ്വന്തം ജീവൻ നഷ്ടപ്പെടുത്തിയാൽ അവൻ അതിനെ രക്ഷിക്കും” (മർക്കോ. 8:35, മത്താ. 10:39, യോഹ. 12:25) ഈ ശിഷ്യത്വം ആശ്ലേഷിച്ചുകൊണ്ട് വിശുദ്ധ പൗലോസിനു ഇങ്ങനെ പറയാനായി: “എനിക്കു ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്” (ഫിലി 1:21). “ഞാൻ ദൈവത്തിന്റെ ഗോതമ്പാണ്; ക്രിസ്തുവിന്റെ സംശുദ്ധമായ അപ്പമാകുന്നതിന് ഞാൻ വന്യജീവികളുടെ ദംഷ്ട്രങ്ങളാൽ അരയ്ക്കപ്പെടണം” എന്ന് അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസ് (മരണം ഏകദേശം 107) പറയുമ്പോൾ ഈ സത്യം അദ്ദേഹത്തിന് ബോധ്യമായിരുന്നു.

ജീവനേകുവാൻ മരണതുല്യമായ സഹനങ്ങളെ നിശബ്ദം ആശ്ലേഷിക്കുന്ന നിരവധി ജീസസ് യൂത്തിനെ നമുക്കു കാണാം. ഇന്ത്യയിലെ ജീസസ് യൂത്ത് സ്പിരിചൽ ഡയറക്ടർ ഫാ.ചെറിയാൻ നേരേവീട്ടിൽ 2014 മാർച്ച് നാലിന് കിഡ്നി ദാനം ചെയ്തുകൊണ്ട് റിൻസിക്ക് പുതുജീവൻ നല്കി പ്രത്യാശയിലേക്ക് നയിച്ചു. അമ്മയ്ക്ക് ജീവൻ നഷ്ടപ്പെടാതിരിക്കാൻ അഞ്ചാമത്തെ ഗർഭസ്ഥശിശുവിനെ ഒഴിവാക്കണമെന്ന ഡോക്ടറുടെ ഉപദേശത്തിനു വിരുദ്ധമായ നിലപാടെടുത്ത ജീസസ് യൂത്ത് ദമ്പതികൾ – മരിക്കുകയെന്ന പ്രക്രിയയിലൂടെ ക്രിസ്തുവിനെ പിൻചെല്ലുവാൻ അവർ തീരുമാനിക്കുകയായിരുന്നു. മുന്നേറ്റത്തെയും സഭയെയും ശുശ്രൂഷിക്കാൻവേണ്ടി ഉയർന്ന ശമ്പളവും ഇതര സൗകര്യങ്ങളും ത്യജിക്കുന്ന, ഉന്നത വിദ്യാഭ്യാസവും ഉയർന്ന യോഗ്യതകളുമുള്ള നിരവധി ജീസസ് യൂത്ത് നേതാക്കൾ, ഒട്ടനവധി പേർക്ക് ജീവനേകാൻ, മരിക്കുകയെന്ന പ്രക്രിയയിലൂടെ കടന്നുപോകുന്നു. ചെറുതും വലുതുമായ രീതികളിൽ സ്വയം ത്യജിക്കുകയെന്ന വ്യക്തിപരമായ തിരഞ്ഞെടുപ്പു അനുദിനം നടത്തുന്ന അനേകം ജീസസ് യൂത്തുകളെ വേറെയും കാണാം. അങ്ങനെ അവർ തങ്ങളുടെ കുടുംബാംഗങ്ങൾക്ക്, ടീമംഗങ്ങൾക്ക്, കൗൺസിലുകൾക്ക്, ഹൗസ് ഹോൾഡിന്.... ജീവൻ പകരുന്നു.

ഈ വലിയ നോമ്പുകാലം നമ്മിലെ ‘പ്രതിരോധങ്ങൾ ഭേദിക്കുന്ന സമയ’മാണ്; അത്തരം അനുഭവത്തിന്റെയോ നിരവധി അനുഭവങ്ങളുടെയോ കാലമാണ്. നമ്മിലും മറ്റുള്ളവർക്കുവേണ്ടിയും ഒരു പുതുജീവൻ കണ്ടെത്താനുള്ള പ്രവർത്തനക്രമം അതിൽ ഉൾച്ചേർന്നിട്ടുണ്ട്. പീഡാനുഭവയാഴ്ചയ്ക്കും ഉയിർപ്പു കാലത്തിനും വേണ്ടി നാം ഗാഢമായി ഒരുങ്ങുമ്പോൾ, യേശു തന്റെ പീഡാസഹനം, മരണം, ഉത്ഥാനം എന്നിവയിലൂടെ നമുക്കേകുന്ന പുതുജീവനിൽ ശ്രദ്ധ കേന്ദ്രീകരിക്കാം. ഓരോ ദിവ്യബലിയിലും “ഇത് എന്റെ ഓർമയ്ക്കായി ചെയ്യുവിൻ” എന്ന തിരുമൊഴികൾ അവിടുത്തെ പെസഹാരഹസ്യത്തിൽ അനുദിനം പങ്കുചേരാനും അങ്ങനെ ജീവന്റെ പുതിയ ഉറവിടമാകാനും ഉള്ള ആഹ്വാനത്തിന്റെ ഓർമപ്പെടുത്തലാണ്.



Prepared by the Jesus Youth International Formation Team. Illustration: Shaji Joseph